ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വകുപ്പുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ വേണ്ടി ചെലവിട്ട തുക താഴെ വിവരിക്കുന്നു:

നാഷണൽ സേവിംഗ്സ് വകുപ്പ്	..	55,000 രൂപ
ട്രഷറി വകുപ്പ്	..	1,61,77,000 രൂപ
സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്	..	79,958 രൂപ
ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്	..	2,47,708 രൂപ

(ബി) ധനകാര്യ വകുപ്പ്, നാഷണൽ സേവിംഗ്സ് വകുപ്പ്, ട്രഷറി വകുപ്പ്, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.

പൊതുകടം

33 [970] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഇതുവരെയുള്ള പൊതുകടം എത്രയെന്നും 2001 മേയ് മുതൽ 2005 മാർച്ച് 31 വരെയുള്ള കാലയളവിലെ പൊതുകടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നാണ് കടം വാങ്ങിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾപ്രകാരം 2005 മേയ് 31 വരെ സർക്കാരിന്റെ പൊതുകടം 43,154.99 കോടി രൂപയാണ്. 2001 മാർച്ച് മുതൽ 2005 മാർച്ച് 31 വരെയുള്ള കാലയളവിലെ പൊതുകടം താഴെ കാണുംപ്രകാരമാണ്:

വർഷം	*പൊതുകടം (രൂപ കോടിയിൽ)*
2000-2001	23,919
2001-2002	26,951
2002-2003	31,060
2003-2004	37,457
2004-2005†	41,855

(സി) എൽ.ഐ.സി., ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനം കടം വാങ്ങിയിട്ടുണ്ട്.

† അക്കൗണ്ടന്റ് ജനറലിന്റെ മാർച്ച് സപ്ലിമെന്ററി കണക്ക് പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly